സേഷൻ പ്ലാന്റ് കൂടി നിർമ്മിച്ചാൽ കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടാകും. അതിനാൽ റൂട്ടെൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉണ്ടാക്കുവാനും ഇപ്പോൾ വെളിയിൽ പോകുന്ന ആസിഡ് റിക്കവർ ചെയ്യാനും വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കേണ്ട ആവശ്യമുണ്ട്. 'പൂജ്യം മാലിന്യം' (zero effluent) എന്ന സാങ്കേതികവിദ്യ കിട്ടാനാണ് ശ്രമിക്കുന്നത്.

25 (2173) കാസർഗോഡിലെ 'കെൽ'-ന്റെ പ്രവർത്തനം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ 'കെൽ' എന്ന വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് എത്രകാലമായി;

(ബി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് ഇപ്പോൾ നിലവിലുള്ളത്;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ലാഭനഷ്ടകണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 'കെൽ'-ന്റെ കാസർഗോഡ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ട് 9 വർഷമായി.

(ബി) കാസർഗോഡ് യൂണിറ്റിൽ ഇപ്പോൾ ആകെ 304 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കാസർഗോഡ് യൂണിറ്റ് പ്രാരംഭകാലം മുതൽ ഇതുവരെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ 31-1-2000 വരെയുള്ള സഞ്ചിതനഷ്ടം 2177.33 ലക്ഷം രൂപയാണ്.

(ഡി)&(ഇ) ഈ യൂണിറ്റിന്റെ വിപുലീകരണം സംബന്ധിച്ച പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

26 (2174) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടാനുള്ള കാരണം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ തിരുവേപ്പതിമിൽ അടച്ചുപൂട്ടിയത് എന്നാണ്;

(ബി) ഈ മിൽ അടച്ചുപൂട്ടാനുണ്ടായ കാരണങ്ങൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(സി) മിൽ തുറന്നുപ്രവർത്തിപ്പിക്കുവാൻ മാനേജ്മെന്റ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly